# Visit of National Security Advisor to Washington DC (January 30-February 01, 2023)

February 01, 2023

---

**ദേശീയ സുരക്ഷാ ഉപദേഷ്ടാവിന്റെ വാഷിംഗ്ടൺ ഡിസിയിലേക്കുള്ള സന്ദർശനം (ജനുവരി 30-ഫെബ്രുവരി 01, 2023)**

ഫെബ്രുവരി 01, 2023

ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ 2023 ജനുവരി 30 മുതൽ ഫെബ്രുവരി 1 വരെയുള്ള തിയ്യതികളിൽ വാഷിംഗ്ടൺ ഡിസിയിലെ ഔദ്യോഗിക സന്ദർശനം നടത്തും. അദ്ദേഹത്തോടൊപ്പം ഇന്ത്യൻ ഗവൺമെന്റിന്റെ മുതിർന്ന ഉദ്യോഗസ്ഥരും ഇന്ത്യൻ വ്യവസായ പ്രമുഖരും പങ്കുചേരും.

സന്ദർശന വേളയിൽ, ഗവൺമെന്റ്, കോൺഗ്രസ്, ബിസിനസ്സ്, അക്കാദമിക്, റിസർച്ച് കമ്മ്യൂണിറ്റികളിലുടനീളമുള്ള യു.എസ് നയരൂപീകരണ വക്താക്കളുമായും പങ്കാളികളുമായും പരസ്പര താൽപ്പര്യമുള്ള ഉഭയകക്ഷി, പ്രാദേശിക, ആഗോള വിഷയങ്ങളിൽ എൻ എസ് എ സംവദിച്ചു. യുഎസ് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജേക്ക് സള്ളിവനുമായുള്ള കൂടിക്കാഴ്ചയ്ക്ക് പുറമെ, ജോയിന്റ് ചീഫ് ഓഫ് സ്റ്റാഫ് ചെയർമാൻ ജനറൽ മാർക്ക് മില്ലി, പ്രതിരോധ സെക്രട്ടറി കാത്‌ലീൻ ഹിക്സ്, പ്രധാന സെനറ്റർമാർ, വ്യവസായ പ്രമുഖർ എന്നിവരുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി. സന്ദർശനത്തിനിടെ അദ്ദേഹം പിന്നീട് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കനുമായും കൂടിക്കാഴ്ച നടത്തും.

2023 ജനുവരി 31 ന് വൈറ്റ് ഹൗസിൽ നടന്ന ക്രിട്ടിക്കൽ ആൻഡ് എമർജിംഗ് ടെക്നോളജീസ് (ഐസിഇടി) സംരംഭത്തിന്റെ ഉദ്ഘാടന യോഗത്തിൽ എൻ എസ് എ സള്ളിവനൊപ്പം എൻഎസ്എ ഡോവൽ സഹ അധ്യക്ഷനായിരുന്നു. 2022 മെയ് മാസത്തിൽ ടോക്കിയോയിൽ വച്ചു പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയും പ്രസിഡണ്ട് ജോസഫ് ബൈഡനും തമ്മിൽ നടത്തിയ മീറ്റിങ്ങിലെ പ്രസ്താവന അനുസരിച്ചാണ് ഇത്. എൻ എസ് എയ്ക്കൊപ്പം യുഎസിലെ ഇന്ത്യൻ അംബാസഡർ, പ്രിൻസിപ്പൽ സയന്റിഫിക് അഡ്വൈസർ, ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പ് സെക്രട്ടറി, ഐഎസ്ആർഒ ചെയർമാൻ, രക്ഷാ മന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവ്, ഡയറക്ടർ ജനറൽ, ഡിആർഡിഒ എന്നിവരും ദേശീയ സുരക്ഷാ കൗൺസിൽ സെക്രട്ടേറിയറ്റിലെയും ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ

ടെക്നോളജി മന്ത്രാലയത്തിലേയും മറ്റ് മുതിർന്ന ഉദ്യോഗസ്ഥരും ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. യുഎസ് ഭാഗത്ത്, നാസ അഡ്മിനിസ്ട്രേറ്റർ, നാഷണൽ സയൻസ് ഫൗണ്ടേഷൻ (എൻഎസ്എഫ്), ഡെപ്യൂട്ടി നാഷണൽ സെക്യൂരിറ്റി അഡ്വൈസർ തുടങ്ങിയവർ പങ്കെടുത്തു.

സാങ്കേതിക മൂല്യ ശൃംഖലകൾ കെട്ടിപ്പടുക്കുന്നതിലൂടെയും ഇനങ്ങളുടെ ഒരുമിച്ചുള്ള വികസനത്തിനും നിർമ്മാണത്തിനും പിന്തുണ നൽകിക്കൊണ്ട് ഇരു രാജ്യങ്ങളെയും വിശ്വസനീയമായ സാങ്കേതിക പങ്കാളികളാക്കി മാറ്റാൻ ഐ സി ഇ ടി ലക്ഷ്യമിടുന്നു. ഒരു സ്റ്റാൻഡിംഗ് മെക്കാനിസത്തിലൂടെ റെഗുലേറ്ററി നിയന്ത്രണങ്ങൾ, കയറ്റുമതി നിയന്ത്രണങ്ങൾ, ഗതാഗത തടസ്സങ്ങൾ എന്നിവ പരിഹരിക്കാനും ഇത് ലക്ഷ്യമിടുന്നു.ചില നിർണായക മേഖലകളിൽ ഇന്ത്യയിലേക്കുള്ള കയറ്റുമതി തടസ്സങ്ങൾ ലഘൂകരിക്കുന്നതിനായി നിയമനിർമ്മാണത്തിലുള്ള മാറ്റങ്ങൾക്ക് ശ്രമിക്കുന്നതുൾപ്പടെ പിന്തുണയും യുഎസ് പക്ഷം ഉറപ്പുനൽകി. എക്സ്പോസ്, ഹാക്കത്തോണുകൾ, പിച്ചിംഗ് സെഷനുകൾ എന്നിവയിലൂടെ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റങ്ങൾ തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും ഇരു രാജ്യങ്ങൾക്കുമിടയിലെ പ്രധാന മേഖലകളിൽ നവീകരണ ബന്ധങ്ങൾ നിർമ്മിക്കുന്നതിനും ഊന്നൽ നൽകി.

ക്വാണ്ടം സാങ്കേതികവിദ്യകളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ്, വ്യവസായ-അക്കാദമിയയുടെ പങ്കാളിത്തത്തോടെ ഇരുപക്ഷവും ഒരു ക്വാണ്ടം കോർഡിനേഷൻ സംവിധാനം സ്ഥാപിച്ചു. അർദ്ധചാലകങ്ങളുടെ മേഖലയിൽ, ഇന്ത്യയിൽ ഒരു ഫാബ്രിക്കേഷൻ ഇക്കോസിസ്റ്റം വികസിപ്പിക്കുന്നതിന് യുഎസ് പിന്തുണ നൽകി, കൂടാതെ മുതിർന്ന ടെക്നോളജി നോഡുകൾക്കും നൂതന പാക്കേജിംഗിനും സംയുക്ത സംരംഭങ്ങളെയും പങ്കാളിത്തത്തെയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.സെമികണ്ടക്റ്റർ മേഖലയുടെ
സമീപകാല അവസരങ്ങൾ തിരിച്ചറിയുന്നതിനും ദീർഘകാല വികസനം സുഗമമാക്കുന്നതിനും ഒരു "സന്നദ്ധത വിലയിരുത്തൽ" വികസിപ്പിച്ചെടുക്കുന്നതിനും ഇന്ത്യയുടെ അർദ്ധചാലക ദൗത്യം, ഇന്ത്യ ഇലക്ട്രോണിക്സ് സെമി കണ്ടക്റ്റർ അസോസിയേഷൻ (IESA), യുഎസ് അർദ്ധചാലക വ്യവസായ അസോസിയേഷൻ (SIA) എന്നിവ ഉൾപ്പെടുന്ന ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കാൻ ധാരണയായി.

പ്രതിരോധ ഉൽപ്പാദന മേഖലയിൽ, പരസ്പര താൽപ്പര്യമുള്ള പ്രധാന ഇനങ്ങളുടെ സംയുക്ത ഉൽപ്പാദനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ഇരുരാജ്യങ്ങളും സമ്മതിച്ചു. തദ്ദേശീയമായി നിർമ്മിച്ച ലൈറ്റ് കോംബാറ്റ് എയർക്രാഫ്റ്റിന് വേണ്ടി ഇന്ത്യയിൽ ജെറ്റ് എഞ്ചിനുകൾ നിർമ്മിക്കുന്നതിന് ജനറൽ ഇലക്ട്രിക് എന്ന കമ്പനി സമർപ്പിച്ച

ലൈസൻസ് അപേക്ഷ വേഗത്തിൽ അവലോകനം ചെയ്യാൻ യുഎസ് പ്രതിജ്ഞാബദ്ധമാണെന്ന് അനുകൂലിച്ചു. ഇരുവശത്തുമുള്ള പ്രതിരോധ സ്റ്റാർട്ടപ്പുകളെ ബന്ധിപ്പിക്കുന്നതിന് ഒരു പുതിയ ഇന്നൊവേഷൻ ബ്രിഡ്ജ് സൃഷ്ടിക്കും.

ബഹിരാകാശ മേഖല സംബന്ധിച്ച്, ഇന്ത്യയുടെ ബഹിരാകാശ മേഖല തുറന്ന് നൽകിയ അവസരങ്ങളെയും യുഎസിലെ ഇന്ത്യയുടെ ബഹിരാകാശ സാങ്കേതിക കമ്പനികളുടെ സംഭാവനകളെയും അവർ അഭിനന്ദിച്ചു. മനുഷ്യ ബഹിരാകാശ യാത്രാ അവസരങ്ങൾ, നാസയുടെ കൊമേഴ്‌സ്യൽ ലൂണാർ പേലോഡ് സർവീസസ് (CLPS) പദ്ധതി, സ്റ്റം ടാലന്റ് എക്സ്ചേഞ്ചുകൾ എന്നിവയിൽ ഇസ്രോ നാസയുമായി ചേർന്ന് പ്രവർത്തിക്കുമെന്ന് ധാരണയായി.

അടുത്ത തലമുറയുടെ ടെലികമ്മ്യൂണിക്കേഷനിൽ, ഇന്ത്യയുടെ ചിലവ്-മത്സരക്ഷമതയും അളവും കണക്കിലെടുത്ത്, വിശ്വസനീയമായ ഉറവിടങ്ങൾ ഉപയോഗിച്ച് 5ജി /6ജി , ഒറാൻ എന്നിവ ഉൾക്കൊള്ളുന്ന ഒരു പൊതു-സ്വകാര്യ സംഭാഷണം ആരംഭിക്കാൻ ഇരുപക്ഷവും സമ്മതിച്ചു.

ഐസിഇടി ലോഞ്ച് വേളയിൽ, ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയും യുഎസിലെ നാഷണൽ സയൻസ് ഫൗണ്ടേഷനും തമ്മിലുള്ള ഒരു പുതിയ ക്രമീകരണം നടപ്പാക്കുന്നതിനായി അംബാസഡറും എൻഎസ്എഫ് ഡയറക്ടറും ഒപ്പുവച്ചു. ഇത് സി ഇ ടിയിലെ സംയുക്ത ഗവേഷണം വിപുലീകരിക്കുന്നതാണ്.

2023 ജനുവരി 30-ന്, യു.എസ് ചേംബർ ഓഫ് കൊമേഴ്‌സിൽ യു.എസും ഇന്ത്യൻ വ്യവസായവുമായി ഒരു ഐ സി ഇ ടി റൗണ്ട് ടേബിൾ സമ്മേളനം നടന്നു. ഗവൺമെന്റ്, വ്യവസായം, അക്കാദമിക് എന്നിവയ്ക്കിടയിൽ ഉയർന്ന സാങ്കേതിക പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനുള്ള ആശയങ്ങൾ പങ്കിടുന്നതിന് ഇത് അവസരമൊരുക്കി.

ഇന്ത്യൻ ഹൗസിൽ അംബാസഡർ തരൺജിത് സന്ധുവും എൻഎസ്എയ്ക്ക് സ്വീകരണം നൽകി. വാണിജ്യ സെക്രട്ടറി ജിന റൈമോണ്ടോ, എൻഎസ്എ ജെയ്ക് സള്ളിവൻ, ആക്ടിംഗ് സെക്രട്ടറി ഓഫ് സ്റ്റേറ്റ് വെൻഡി ഷെർമാൻ, യുഎസ് അഡ്മിനിസ്ട്രേഷനിൽ നിന്നുള്ള നിരവധി ഉന്നത ഉദ്യോഗസ്ഥർ, അഡ്വാൻസ്ഡ് ടെക്നോളജി കമ്പനികളുടെയും ഫണ്ടുകളുടെയും മേധാവികൾ, അമേരിക്കയിലെ പ്രമുഖ സർവകലാശാല മേധാവികൾ. എന്നിവർ സന്നിഹിതരായിരുന്നു.

ഈ സന്ദർശനവേളയിലെ ചർച്ചകൾ അത്യാധുനിക മേഖലകളിൽ ഇന്ത്യ-യുഎസ് സഹകരണം തീവ്രമാക്കുന്നതിനുള്ള അടിസ്ഥാനമായി മാറുകയും ഇന്ത്യ-യുഎസ് സമഗ്രവും ആഗോള തന്ത്രപരമായ പങ്കാളിത്തത്തിന്റെ പക്വതയുടെ പ്രതിഫലനവുമായി മാറുകയും ചെയ്തു. നിശ്ചിത സമയപരിധിക്കുള്ളിൽ ഫലത്തെ അടിസ്ഥാനമാക്കിയുള്ള വസ്തുതകളിൽ സുസ്ഥിരമായ ശ്രദ്ധ നിലനിർത്താൻ ഇരു രാജ്യങ്ങളും സമ്മതിച്ചു.

**വാഷിംഗ്ടൺ ഡിസി**
**2023 ജനുവരി 31**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.